# പി. ജെ.ജോസഫിന്റെ രാഷ്ട്രീയ പൈതൃകവുമായി ചീഫ് വിപ്പ് അപു ജോൺ ജോസഫ്



ജോസ് കണിയാലി

കേരള രാഷ്ട്രീയത്തിലെ അതികായനും സമുന്നത നേതാവുമായ പി.ജെ. ജോസഫ് തന്റെ പാർലമെന്ററി രാഷ്ട്രീയ പ്രയാണത്തിന് വിരാമമിട്ടപ്പോൾ, പകരം ആ തട്ടകം മകനിലേക്ക് കൈമാറുകയായിരുന്നു. എന്നാൽ ഇതൊരു വെറും കുടുംബ വാഴ്ചയോ തലമുറമാറ്റമോ ആയിരുന്നില്ല; മറിച്ച് കൃത്യമായ വിദ്യാഭ്യാസ യോഗ്യതയും പ്രവാസ ലോകത്തെ പ്രവൃത്തിപരിചയവും അടിത്തട്ടിലെ പാർട്ടി പ്രവർത്തനവും കൊണ്ട് സ്വയം യോഗ്യത തെളിയിച്ച ഒരു യുവനേതാവിന്റെ കടന്നുവരവായിരുന്നു അത്. തൊടുപുഴയുടെ മണ്ണിൽ നിന്ന് കേരള കോൺഗ്രസിന്റെ അമരക്കാരനായി അപു ജോൺ ജോസഫ് എത്തിയപ്പോൾ അത് കേരള രാഷ്ട്രീയത്തിൽ പുതിയൊരു അധ്യായത്തിനാണ് തുടക്കമിട്ടത്.

1955-ൽ പുറത്തിറങ്ങിയ സത്യജിത് റേയുടെ വിശ്വപ്രസിദ്ധ ചിത്രം 'പഥേർ പാഞ്ചാലി'യിലെ നായക കഥാപാത്രത്തോടുള്ള ആദര സൂചകമായാണ് പി.ജെ. ജോസഫ് തന്റെ മകന് 'അപു' എന്ന് പേരിട്ടത്. റേയുടെ വിഖ്യാതമായ അപു ത്രയങ്ങളിലെ അവസാന ചിത്രമായ 'അപുർ സൻസാർ' (അപുവിന്റെ ലോകം) പോലെ, പി.ജെ. ജോസഫ് സജീവ രാഷ്ട്രീയത്തിൽ നിന്ന് വിരമിച്ചപ്പോൾ തന്റെ ഹൃദയത്തോട് ചേർത്തുവെച്ച തൊടുപുഴ മണ്ഡലം മകന്റെ ലോകമായി മാറുകയായിരുന്നു. താനൊരു 'നെപ്പോ കിഡ്' (അഥവാ രാഷ്ട്രീയ പാരമ്പര്യം കൊണ്ട് മാത്രം ഉയർന്നുവന്നയാൾ) അല്ലെന്ന് അപു അടിവരയിട്ടു പറഞ്ഞിരുന്നു. പാർട്ടിയുടെ സാധാരണ പ്രവർത്തകനായി, അടിത്തട്ടിലെ കഠിനാധ്വാനത്തിലൂടെയാണ് അദ്ദേഹം ചീഫ് വിപ്പ് പദവിയിലേക്കും നേതൃനിരയിലേക്കും ഉയർന്നുവന്നത്. രാഷ്ട്രീയ പാരമ്പര്യം ഒരു തുടക്കത്തിന് വഴിയൊരുക്കിയേക്കാമെങ്കിലും, ജനങ്ങൾക്കിടയിലെ പ്രവർത്തനമാണ് യഥാർത്ഥ നേതാവിനെ നിശ്ചയിക്കുന്നത് എന്ന് അപു വിശ്വസിച്ചിരുന്നു.



*ജോസ് കണിയാലി, അപു ജോൺ ജോസഫ്, സണ്ണി വള്ളിക്കളം*

മികച്ചൊരു വിദ്യാഭ്യാസ - പ്രൊഫഷണൽ പശ്ചാത്തലവുമായാണ് അപു രാഷ്ട്രീയ ഭൂമികയിലേക്ക് ചുവടുവെച്ചത്. തൊടുപുഴ ഡീ പോൾ സ്കൂൾ, എറണാകുളം സേക്രഡ് ഹാർട്ട് കോളേജ് എന്നിവിടങ്ങളിലെ പഠനത്തിന് ശേഷം കോയമ്പത്തൂർ കുമരഗുരു കോളേജിൽ നിന്ന് ബി.ടെക് ബിരുദം നേടിയിരുന്നു. ജർമ്മൻ ഭാഷാ പഠനവും പൂർത്തിയാക്കിയ അദ്ദേഹം തിരുവനന്തപുരം ടെക്നോപാർക്കിലെ ഐ.ബി.എസ് (IBS) കമ്പനിയിൽ ടീം ഹെഡ് ആയും, തുടർന്ന് സ്വിറ്റ്സർലൻഡിലെ സ്വിസ് എയറിൽ (Swissair) സീനിയർ സോഫ്റ്റ്‌വെയർ എഞ്ചിനീയറായും തിളങ്ങിയിരുന്നു. എന്നാൽ, വിദേശത്തെ സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് 2008-ൽ അദ്ദേഹം ജന്മനാട്ടിലേക്ക് മടങ്ങിയെത്തി. ഗാന്ധിജി സ്റ്റഡി സെന്റർ, ജോക്കുട്ടൻ ചാരിറ്റബിൾ ട്രസ്റ്റ് എന്നിവയിലൂടെ സാമൂഹിക - കാർഷിക മേഖലകളിൽ സജീവമായി. തൊടുപുഴയുടെ കാർഷികമേള വൻ വിജയമാക്കിക്കൊണ്ട് തന്റെ സംഘടനാപാടവം അദ്ദേഹം തെളിയിച്ചു. തുടർന്ന് പാർട്ടിയുടെ സ്റ്റിയറിംഗ് കമ്മിറ്റിയിലും ഹൈ പവർ കമ്മിറ്റിയിലും അംഗമായി. തന്റെ ഐ.ടി പശ്ചാത്തലം ഉപയോഗിച്ച് പാർട്ടിയെ ഡിജിറ്റലൈസ് ചെയ്യാനും അംഗത്വ വിതരണത്തിന് വെബ്സൈറ്റും കൃത്യമായ ഡാറ്റാബേസും ഒരുക്കാനും സംസ്ഥാന കോ-ഓർഡിനേറ്റർ കൂടിയായ അപുവിന് സാധിച്ചിരുന്നു.

പി.ജെ. ജോസഫ് വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ പ്ലസ്ടു, സ്വാശ്രയ സമ്പ്രദായങ്ങൾ കൊണ്ടുവന്നതു പോലെയുള്ള വിപ്ലവകരമായ മാറ്റങ്ങൾ ഇനിയും ഉണ്ടാകേണ്ടതുണ്ടെന്ന നിലപാടായിരുന്നു അദ്ദേഹത്തിന്. യുവാക്കൾ നാടുവിടുന്നത് ജനാധിപത്യ പാർട്ടികളെ ബാധിക്കുന്നുണ്ടെന്നും അവരെ ഇവിടെ നിലനിർത്താൻ മികച്ച ജീവിത സൗകര്യങ്ങളും തൊഴിലവസരങ്ങളും സർക്കാർ ഒരുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിരുന്നു.

കേരള കോൺഗ്രസിൽ തലമുറമാറ്റവും യുവാക്കളുടെ കടന്നുവരവും നേരത്തെ തുടങ്ങിയതാണെന്ന് അപു വ്യക്തമാക്കിയിരുന്നു. 2020-ൽ 25 ആയിരുന്ന പാർട്ടിയിലെ യുവ ജനപ്രതിനിധികളുടെ എണ്ണം 2025-ൽ 56 ആയി ഉയർന്നത് ഇതിന് തെളിവായി അദ്ദേഹം ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ 2021-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇടുക്കി സീറ്റ് കോൺഗ്രസ് വാഗ്ദാനം ചെയ്തിട്ടും, പാർട്ടിയുടെ അധികാരകേന്ദ്രം തൊടുപുഴയിൽ തന്നെ നിലനിർത്താൻ പി.ജെ. ജോസഫ് അത് നിരസിക്കുകയായിരുന്നു.

അന്നത്തെ രാഷ്ട്രീയ സാഹചര്യത്തെ അപു വിലയിരുത്തിയത് ഇങ്ങനെയായിരുന്നു: ഒന്നാം പിണറായി സർക്കാരിന്റെ കാലത്തെ അഴിമതികൾക്കെതിരെ യു.ഡി.എഫ് ശക്തമായി സമരം ചെയ്തെങ്കിലും ഭരണത്തുടർച്ചയ്ക്കായി ജനങ്ങൾക്ക് കിറ്റും വാഗ്ദാനങ്ങളുടെ പെരുമഴയും നൽകി എൽ.ഡി.എഫ് ജനങ്ങളെ സ്വാധീനിക്കുകയായിരുന്നു. എന്നാൽ പിന്നീട് കറണ്ട് ചാർജ്, വെള്ളക്കരം, ഭൂനികുതി എന്നിവയിലെ ഭീമമായ വർദ്ധനവ് ജനങ്ങളെ പൊറുതിമുട്ടിച്ചപ്പോൾ യു.ഡി.എഫ് നടത്തിയ വീടുകയറിയുള്ള ജനസമ്പർക്ക പരിപാടികൾ വലിയ ജനപിന്തുണ നേടാൻ സഹായിച്ചു.

2026 തെരഞ്ഞെടുപ്പിൽ യു.ഡി.എഫ് വൻ വിജയം നേടുമെന്നും കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം ജില്ലകളിൽ ജോസഫ് വിഭാഗം വലിയ മുന്നേറ്റം നടത്തുമെന്നും അപു ഉറച്ചു വിശ്വസിച്ചിരുന്നു. വാക്കുകളിലെ സൗമ്യതയും നിലപാടുകളിലെ വ്യക്തതയും ആരെയും വ്യക്തിപരമായി അധിക്ഷേപിക്കാത്ത രാഷ്ട്രീയ പക്വതയും അപു ജോൺ ജോസഫിനെ പാർട്ടി പ്രവർത്തകർക്കും ജനങ്ങൾക്കും പ്രിയങ്കരനാക്കി മാറ്റി. തൊടുപുഴയുടെ വികസന നായകനായ പി.ജെ. ജോസഫിന്റെ അർഹനായ പിൻഗാമിയായി അപു എത്തിയപ്പോൾ വലിയ പ്രതീക്ഷയോടെയാണ് മണ്ഡലവും കേരള രാഷ്ട്രീയവും ആ മാറ്റത്തെ വരവേറ്റത്.



2025 നവംബർ മാസത്തിൽ ചിക്കാഗോ പൗരാവലി അപു ജോൺ ജോസഫിന് സ്വീകരണം നൽകിയപ്പോൾ